## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3097

20.06.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കോച്ചിംഗ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര കോച്ചിംഗ് സെന്ററുകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | 16 പരിശീലന കേന്ദ്രങ്ങൾ. കൂടാതെ 6 ഉപകേന്ദ്ര ങ്ങളും പ്രവർത്തിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സെന്ററുകൾ പ്രവർത്തനമാരംഭിച്ചു; | (ബി) | 11 പരിശീലനകേന്ദ്രങ്ങളും 6 ഉപകേന്ദ്രങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (സി) ഓരോ സെന്ററിലും എത്ര പേർ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ഏതെല്ലാം വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ടെന്നും വിശദമാക്കുമോ? | (സി) | 16 പരിശീലനകേന്ദ്രങ്ങളിൽ റെഗുലർ/ഹോളിഡേ ബാച്ചുകളിലായി ഒരു കേന്ദ്രത്തിൽ ശരാശരി 45 ഉദ്യോഗാർത്ഥികൾ പരിശീലനം നേടുന്നുണ്ട്. ശരാശരി 6 മാസം ദൈർഘ്യമുള്ള ആകെ 34 ബാച്ചുകളിലായി 1500– ലധികം ഉദ്യോഗാർത്ഥികൾ ഒരേ സമയം പരിശീലനം നേടുന്നുണ്ട്. നിലവിൽ പരിശീലന കേന്ദ്രങ്ങളിൽ പി.എസ്.സി വിജ്ഞാപനം നടത്തിയിട്ടുള്ള ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സെയിൽസ്മാൻ, എൽ.ഡി.ക്ലാർക്ക്, എന്നിവ കൂടാതെ ഡിഗ്രി വിദ്യാഭ്യാസത്തിന് താഴെ യോഗ്യതയുള്ളവർക്കായുള്ള പി.എസ്.സി ഫൗണ്ടേഷൻ കോഴ്സ്, ബിരുദ വിദ്യാർത്ഥികൾക്കുള്ള ഗ്രാജ്വേറ്റ് കോഴ്സ് എന്നിവ നടന്നു വരുന്നു. വിവിധ തസ്തികകളിൽ പി.എസ്.സി/ എസ്.എസ്.സി തുടങ്ങിയ ഏജൻസികളുടെ വിജ്ഞാപനമനുസരിച്ചുള്ള സിലബസിന് പ്രാധാന്യം നൽകിക്കൊണ്ടാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ